വിവരണാത്മക പരീക്ഷ കൂടി ഉൾപ്പെടുത്തുന്നതിന് PSC-Rules of Procedure പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേരളാ പബ്ലിക് കമ്മീഷന് സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

ജനസമ്പർക്ക പരിപാടി

53(23) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിവിധ ജില്ലകളിലായി എത്ര ജനസമ്പർക്ക പരിപാടികൾ നടത്തി;

(ബി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി ചെലവായ തുകയെത്ര; ഓരോന്നിന്റെയും വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കപ്പെടുന്ന ഒരു അപേക്ഷകൻ എത്ര ദിവസങ്ങൾക്ക് മുമ്പ്, ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്;

(ഡി) ചികിത്സാ സഹായത്തിനായി തുക അനുവദിക്കുന്നതിനുള്ള അർഹതയും തുകയും നിശ്ചയിച്ചിരുന്നതാരാണ്; മാനദണ്ഡം എന്താണ്;

(ഇ) ജനസമ്പർക്ക പരിപാടികൾ വഴി ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടിരുന്നതിൽ കുടിശ്ശിക നൽകുവാനുള്ള തുകയെത്ര;

(എഫ്) അപേക്ഷ സമർപ്പിക്കുന്നതു മുതൽ പരിഗണിക്കുന്നതുവരെയുള്ള നടപടിക്രമം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ജി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗരേഖയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

ഉത്തരം

(എ) 2011, 2013, 2015 വർഷങ്ങളിലായി 14 ജില്ലകളിലും മൂന്നു തവണ വീതം ജനസമ്പർക്ക പരിപാടികൾ നടത്തി.

GPM. 2/237/2020-70

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി നാളിതുവരെ പൊതുമരാമത്ത്, റവന്യൂ, വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ, ഐ&പി.ആർ.ഡി., കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളിലായി ആകെ 20,95,31,467 രൂപ ചെലവഴിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല.

(സി) ജനസമ്പർക്ക പരിപാടി നടത്തിയ ദിവസത്തിന് 30 ദിവസം മുമ്പ് വരെ അക്ഷയ കേന്ദ്രങ്ങൾ വഴിയും പരിപാടിയുടെ തലേ ദിവസം ജില്ലാ കളക്ടറേറ്റുകളിലെ പ്രത്യേക കൗണ്ടറുകളിൽ നേരിട്ടും പരിപാടി ദിവസം ബഹുമാനപ്പെട്ടമുഖ്യമന്ത്രിക്ക്/ ജില്ലയിൽ നിന്നുള്ള മന്ത്രിക്ക് വേദിയിൽ നേരിട്ടും അപേക്ഷകൾ സമർപ്പിക്കാൻ സൗകര്യം ഒരുക്കിയിരുന്നു.

(ഡി) വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തഹസീൽദാറുടെ ശിപാർശയിന്മേലും ചുമതലയുള്ള മന്ത്രി, മുഖ്യമന്ത്രി, ജില്ലാകളക്ടർ എന്നിവരുടെ മേൽനോട്ടത്തിൽ സ്ക്രീനിംഗ് കമ്മിറ്റി ചേർന്നും മെഡിക്കൽ സംഘം രോഗികളെ നേരിട്ട് സന്ദർശിച്ചും തയ്യാറാക്കി നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും മറ്റുമാണ് ചികിത്സാസഹായവും തുകയും നിശ്ചയിച്ചിരുന്നത്.

(ഇ) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലായി ചികിത്സാ ധനസഹായമിനത്തിൽ 23,59,61,000 രൂപ കൂടിശ്ശിക നൽകാനുണ്ട്.

(എഫ്) നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(ജി) പകർപ്പ് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

ജനസമ്പർക്ക പരിപാടി

54(24) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടികളിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷകളിൽ ഇതുവരെയും പരിഹാരം കാണാത്ത എത്ര അപേക്ഷകളുണ്ടെന്ന് പേരും, മേൽവിലാസവും സഹിതം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly